പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2366 18.12..2012 ലെ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥർക്കെതിരെയുള്ള സാമ്പത്തിക ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗവണ്മെൻറ് അധികാരമേറ്റ ശേഷം സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് കെ.എസ്.എഫ്.ഇ.യിലെ എത്ര ഉദ്യോസസ്ഥർക്കെതിരെയും ഏജൻറുമാർക്കെതിരെയും നടപടി എടുത്തിട്ടുണ്ടെന്ന് വ്യകതമാക്കാമോ ; | (എ) | ഗവണ്മെൻറ് അധികാരമേറ്റ ശേഷം സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് കെ.എസ്.എഫ്.ഇ.യിലെ രണ്ട് ഉദ്യോസസ്ഥർക്കെതിരെയും 15 ഏജൻറുമാർക്കെതിരെയുമാണ് നടപടി എടുത്തിട്ടുള്ളത്. |
| (ബി) | നിലവിലെ കെ.എസ്.എഫ്.ഇ. ചെയർമാൻെറ കുടുംബാംഗങ്ങൾക്ക് കെ.എസ്.എഫ്.ഇ.യിൽ നിന്നും വായ്പ അനുവദിച്ചിട്ടുണ്ടോ ; | (ബി) | വ്യക്തിഗത വായ്പ അനുവദിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ വായ്പ ലഭിച്ച വ്യക്തികൾ, തുക, തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | ചെയർമാൻെറ ഭാര്യ ശ്രീമതി വത്സമ്മ തോമസ്സ്, മക്കളായ പൊന്നി എലിസബത്ത് ജോസ് , ആൻ ജോസ് എന്നിവർക്കാണ് വായ്പ അനുവദിച്ചത്. ശ്രീമതി. വത്സമ്മ തോമസിനും പൊന്നി എലിസബത്ത് ജോസിനും 7.50 ലക്ഷം രൂപ വീതവും ആൻ ജോസിന് 5 ലക്ഷം രൂപയുമാണ് നൽകിയത്. |
| (ഡി) | ഏത് മാനദണ്ഡപ്രകാരമാണ് വായ്പ അനുവദിച്ചതെന്ന് വ്യകതമാക്കാമോ ; | (ഡി) | കെ.എസ്.എഫ്.ഇ.യുടെ വ്യക്തിഗത വായ്പയായ റിലയബിൾ കസ്റ്റമർ ലോൺ (RCL) പ്രകാരമാണ് മേൽ വായ്പ അനുവദിച്ചിരിയ്ക്കുന്നത്. മതിയായ ജാമ്യവും തിരിച്ചടവിനുള്ള സാമ്പത്തിക ശേഷിയും വിശ്വാസ്യതയുമാണ് ഈ വായ്പ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങളായി എടുക്കുന്നത്. ശാഖാ മാനേജരുടെയും, കണ്ണൂർ മേഖലാ അസിസ്റ്റൻറ് ജനറൽ മാനേജർമാരുടെയും ശുപാർശകൾ കണക്കിലെടുത്ത് നിലവിലുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചാണ് വായ്പകൾ അനുവദിച്ചിട്ടുള്ളത്. |
| (ഇ) | ധനകാര്യ സ്ഥാപനത്തിലെ തലവനുമായി ബന്ധപ്പെട്ട് ബന്ധുക്കൾക്ക് വായ്പ അനുവദിയ്ക്കുന്നത് സംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (ഇ) | വ്യവസ്ഥകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ.